# കേരള സർവകലാശാല

നം. പി.ആർ.133/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ (ഗവ., എയ്ഡഡ, സ്വാശ്രയ) ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് സേ/ഓപ്പൺ സ്കൂൾ പരീക്ഷകൾ വിജയിച്ചവർക്ക് ജൂലൈ 23 മുതൽ 28 വൈകുന്നേരം അഞ്ച് മണിവരെ ഓൺലൈൻ (www.admissions.keralauniversity.ac.in) വഴി രജിസ്റ്റർ ചെയ്യാം.

ഹയർ സെക്കൻഡറി പരീക്ഷയിൽ ഇംപ്രൂവ്മെന്റ്/റീ വാല്യുവേഷൻ എന്നിവ വഴി മാർക്കുകൾ കൂടി കിട്ടിയ വിദ്യാർത്ഥികൾ ജൂലൈ 25-നകം പ്രൊഫൈലിൽ തിരുത്തൽ വരുത്താൻ സർവകലാശാലയിൽ അപേക്ഷ നൽകേണ്ടതാണ്.

ഓൺലൈൻ അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികൾക്കും ജൂലൈ 23 മുതൽ 28 വരെ പുതുതായി പത്ത് ഓപ്ഷനുകൾ (കോഴ്സും കോളേജും) ചേർക്കാൻ സാധിക്കും.

## അമിത ഫീസ്: പരാതി നൽകാം

കേരള സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ മാനേജ്മെന്റ് ക്വോട്ട അഡ്മിഷനുകൾക്ക് അമിത ഫീസ് (ഡൊണേഷൻ/ക്യാപ്പിട്ടേഷൻ ഫീസ്) ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഇത് സംബന്ധിച്ച് ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ സർവകലാശാല രജിസ്ട്രാർക്ക് രേഖാമൂലം തെളിവ് സഹിതം നൽകാം.

## എം.എഡ് പ്രാക്ടിക്കൽ

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (എം.ആർ/ഐ.ഡി) (2013, 2015 സ്കീം) പരീക്ഷയുടെയും ജൂലൈയിൽ നടത്തിയ എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (എം.ആർ/ഐ.ഡി) പരീക്ഷയുടെയും പ്രാക്ടിക്കൽ ജൂലൈ 27, 28 തീയതികളിൽ ചേർത്തല കെ.വി.എം കോളേജ് ഓഫ് സ്പെഷ്യൽ എഡ്യൂക്കേഷനിൽ രാവിലെ 10 മണിമുതൽ നടത്തും.

## ബി.എച്ച്.എം.എസ് പരീക്ഷ

കേരള സർവകലാശാല ആഗസ്റ്റ് 23-ന് തുടങ്ങുന്ന അവസാന വർഷ ബി.എച്ച്.എം.എസ് സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴകൂടാതെ ജൂലൈ 28 (50 രൂപ പിഴയോടെ ജൂലൈ 30, 250 രൂപ പിഴയോടെ ആഗസ്റ്റ് മൂന്ന്) വരെ അപേക്ഷിക്കാം.

ആഗസ്റ്റ് 22-ന് തുടങ്ങുന്ന മൂന്നാം വർഷ ബി.എച്ച്.എം.എസ് സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴകൂടാതെ ജൂലൈ 28 (50 രൂപ പിഴയോടെ ജൂലൈ 30, 250 രൂപ പിഴയോടെ ആഗസ്റ്റ് മൂന്ന്) വരെ അപേക്ഷിക്കാം.

## ബി.ആർക് ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.ആർക് പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ.എം.എസ് പരീക്ഷാകേന്ദ്രം

കേരള സർവകലാശാല ജൂലൈ 29-ന് തുടങ്ങുന്ന രണ്ടാം വർഷ ബി.എ.എം.എസ് സപ്ലിമെന്ററി പരീക്ഷകൾക്ക് പുതൂർ എസ്.എൻ ഇസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദിക് സ്റ്റഡീസ് & റിസർച്ച്, പന്തളം മന്നം ആയുർവേദ കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ അവിടെ നിന്നും ഹാൾടിക്കറ്റ് വാങ്ങി തിരുവനന്തപുരം ഗവ. ആയുർവേദ കോളേജിൽ പരീക്ഷയെഴുതണം.

## ബാങ്ക് പരീക്ഷാ പരിശീലനം

ഐ.ബി.പി.എസ് 20 ബാങ്കുകളിലേക്കായി പ്രൊബേഷണറി/മാനേജ്മെന്റ് തസ്തികകളിലേക്കായി നടത്തുന്ന (പ്രിലിമിനറി) പൊതു എഴുത്ത് പരീക്ഷയ്ക്കായി ഉദ്യോഗാർത്ഥികളെ സജ്ജമാക്കുന്നതിനായി പി.എം.ജി ജംഗ്ഷനിലെ കേരള യൂണിവേഴ്സിറ്റി സ്റ്റുഡന്റ് സെന്ററിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ ആഗസ്റ്റ് ആദ്യ വാരത്തിൽ പരീക്ഷാ പരിശീലനം നടത്തും. കൂടുതൽ വിവരങ്ങൾക്ക് യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ, സ്റ്റഡന്റ് സെന്റർ, പി.എം.ജി ജംഗ്ഷൻ, തിരുവനന്തപുരം. ഫോൺ: 0471 2304577, 9895740165.

## ബി.എൽ.ഐ.എസ്സി ഫലം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജനുവരിയിൽ നടത്തിയ ബി.എൽ.ഐ.എസ്സി (റഗുലർ & സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയ ത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 25 വരെ അപേക്ഷിക്കാം.

## ബി.എഡ് സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാലയുടെ കീഴിലുള്ള ട്രെയിനിംഗ് കോളേജുകളിൽ 2016-18 അധ്യയനവർഷത്തെ ബി.എഡ് കോഴ്സിലേക്ക് ഒഴിവുള്ള സീറ്റുകളിൽ ജൂലൈ 27, 28 തീയതികളിൽ സ്പോട്ട് അഡ്മിഷൻ അതത് കോളേജുകളിൽ നടത്തും. പ്രവേശനം ആഗ്രഹിക്കുന്നവർ പ്രസ്തുത ദിവസങ്ങളിൽ അസ്സൽ സർട്ടിഫിക്കറ്റുകളുമായി രാവിലെ 10 മണിക്ക് മുമ്പ് കോളേജുകളിൽ ഹാജരാകണം. എല്ലാ കോളേജുകളും ജൂലൈ 30-ന് ബി.എഡ് കോഴ്സിലേക്കുള്ള പ്രവേശന നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

## പി.ജി/യു.ജി പരീക്ഷകൾ മാറ്റി

കേരള സർവകലാശാല ജൂലൈ 27-ന് നടത്താനിരുന്ന നാലാം സെമസ്റ്റർ എം.എ/ എം.എസ്സി/ എം.കോം/ എം.എസ്.ഡബ്ല്യു പരീക്ഷകൾ ആഗസ്റ്റ് നാലിനും രണ്ടാം സെമസ്റ്റർ ബി.എ/ ബി.എസ്സി/ ബി.കോം (കരിയർ റിലേറ്റഡ് ഉൾപ്പെടെ) പരീക്ഷകൾ ആഗസ്റ്റ് 16-നും നടത്തും. ജൂലൈ 28-ന് നടത്താനിരുന്ന അവസാന വർഷ എം.എ/ എം.എസ്സി/ എം.കോം

(എസ്.ഡി.ഇ/ എൽ.എസ്സി) പരീക്ഷകൾ ആഗസ്റ്റ് 11-നും നടത്തും. പരീക്ഷാസമയത്തിനും പരീക്ഷാകേന്ദ്രങ്ങൾക്കും മാറ്റമില്ല.

## ബി.ആർക് പരീക്ഷ മാറ്റി

കേരള സർവകലാശാല ജൂലൈ 25-ന് നടത്താനിരുന്ന നാലാം സെമസ്റ്റർ ബി.ആർക് (പേപ്പർ മൂന്ന് - സ്ട്രക്ച്ചറൽ ഡിസൈൻ) പരീക്ഷ മാറ്റി. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
23.07.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**